DESPATCHED
On 22/06/2020
12.5.'20.



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.604(7)/2013**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.3668/എസ്.ഐ.സി-ജി 6/13
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.പി.വി.എബ്രഹാം**
**വാളിയാനിക്കുഴിയിൽ**
**മൈലപ്ര പി.ഒ**
**പത്തനംതിട്ട** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി**
   **പത്തനംതിട്ട**

2. **അപ്പീൽ അധികാരി**
   **ശിരസ്താർ**
   **ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി**
   **പത്തനംതിട്ട**

} **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൻമേൽ രേഖകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ലെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

2. 20.11.2012 ൽ ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 04.12.2012 എസ്.പി.ഐ.ഒ മറുപടി നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കുകയും 14.02.2013 അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു.

3. എസ്.പി.ഐ.ഒ. കമ്മീഷനിൽ 13.02.2020 ൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട 14 രേഖകളിൽ 4 എണ്ണം ഒഴികെ ഉള്ളവ കിട്ടിയിട്ടുള്ളതായി ഹർജിക്കാരൻ ബോധിപ്പിച്ചിട്ടുണ്ടെന്നും ആയതിൽ 7,11,12,14 ഇവയാണ് നൽകാത്തതെന്നും, ഇത് സംബന്ധിച്ച പൂർണ്ണ വിവരം കാണിച്ചിട്ടുള്ള റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിച്ചിട്ടുണ്ടെന്നും അതിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു കൊടുത്തിട്ടുള്ളതാണെന്നും 11-ാം നമ്പറായി ആവശ്യപ്പെട്ടിട്ടുള്ള പ്രതിഭാഗം സാക്ഷികളുടെ മൊഴി, അവരെ വിസ്തരിച്ചിട്ടില്ലാത്തതിനാൽ ലഭ്യമല്ലെന്നും, 14 നമ്പറായി ആവശ്യപ്പെട്ട മരണപ്പെട്ട ആളിന്റെ പിതാവിന് കേസ് സംബന്ധമായി അറിയിപ്പ് നൽകിയതിന്റെ കോപ്പി ടി കേസിൽ ലഭ്യമല്ലാത്തതിനാൽ അയതും നൽകാൻ കഴിഞ്ഞിട്ടില്ലെന്നാണ് ബോധിപ്പിച്ചിരിക്കുന്നത്. 7,12 എന്നീ ചോദ്യങ്ങളുടെ മറുപടിയുടെ പകർപ്പുകൾ സമർപ്പിക്കുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ലഭ്യമായ എല്ലാ രേഖകളും നൽകിയതായുള്ള എസ്.പി.ഐ.ഒ യുടെ റിപ്പോർട്ട് കണക്കിലെടുത്ത് ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 മേയ് 12-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**